001 CO

## കേരള സ്റ്റേറ്റ് റോഡ് ട്രാൻസ് പോർട്ട് കോർപ്പറേഷൻ

### എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്) ന്റെ നടപടി ക്രമം

### സംക്ഷിപ്തം

ഗുരുതരമായ കൃത്യവിലോപവും, ചട്ടലംഘനവും 21.09.2021 മുതൽ ജോലിയിൽ നിന്നും അനധികൃതമായി വിട്ടു നിൽക്കുന്നു. തൃശ്ശൂർ യൂണിറ്റിലെ അസിസ്റ്റന്റ് റെജി ജോൺ - നെതിരെയുള്ള
അച്ചടക്ക നടപടി – സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള ഉത്തരവ്

---

വിജിലൻസ് വിഭാഗം

തിരുവനന്തപുരം, തീയതി:22.02.2025

നമ്പർ.VLC1/20035/22(AVB4)

---

സൂചന : 1.ശ്രീ.കെ.പ്രസന്നൻ, ഇൻസ്പെക്ടർ.തൃശ്ശൂർ 03.03.2022 തീയതിയായി സമർപ്പിച്ച റിപ്പോർട്ട്.
2. ഇതേ നമ്പർപ്രകാരമുള്ള 11.05.2022 ലെ കുറ്റപത്രം
3. 21.08.2023-ലെ വിശദാന്വേഷണ വിചാരണ റിപ്പോർട്ട്
4. 04.01.2025- ലെ കാരണം കാണിക്കൽ നോട്ടീസ്.
5. 06.02.2025-ലെ കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി

### ഉത്തരവ്

തൃശ്ശൂർ യൂണിറ്റിലെ അസിസ്റ്റന്റ് റെജി ജോൺ എന്ന താങ്കൾക്ക് 22.09.2006 മുതൽ 15 വർഷം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ടി അവധി കാലയളവ് 21.09.2021-ൽ അവസാനിച്ചിട്ടും താങ്കൾ ഡ്യൂട്ടിയിൽ പുന:പ്രവേശിക്കാതെ 22.09.2021 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നു. യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെയും, മേലധികാരികളിൽനിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിക്ക് ഹാജരാകാതിരിക്കുന്നത് കുറ്റകരമാണ്. ആയത് ആഫീസിന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു. മേൽകാരണങ്ങളാൽ തൃശ്ശൂർ യൂണിറ്റിലെ അസിസ്റ്റന്റ് ശ്രീ.റെജിജോൺ എന്ന താങ്കൾക്ക് 1960 –ലെ കേരളാ സിവിൽസർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 11.05.2022 തീയതിയായി കുറ്റപത്രം നൽകുകയുണ്ടായി.

കുറ്റപത്രം താങ്കളുടെ മേൽവിലാസത്തിൽ കൈമാറിയിട്ടും ആയതിന് നാളിതുവരെ മറുപടി സമർപ്പിക്കാത്തതിൽ നിന്നും താങ്കൾക്ക് യാതൊരു എതിർ അഭിപ്രായവുമില്ല എന്ന അനുമാനത്തിൽ ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി തൃശ്ശൂർ ജില്ലാധികാരിയെ ചുമതലപ്പെടുത്തുകയും അന്വേഷണ ഉദ്യോഗസ്ഥൻ വിചാരണയ്ക്ക് ഹാജരാകാൻ താങ്കൾക്ക് മതിയായ അവസരം നൽകിയിട്ടും താങ്കൾ നേരിൽ ഹാജരാകാത്തതിനെ തുടർന്ന് ലഭ്യമായ രേഖകളുടേയും സാക്ഷിമൊഴികളുടേയും അടിസ്ഥാനത്തിൽ താങ്കളെ കുറ്റക്കാരനായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.ടി റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾക്ക് അയച്ചു നൽകുകയും ആയത് കൈപ്പറ്റാത്തതിനെ തുടർന്ന് താങ്കളുടെ മേൽവിലാസത്തിൽ മാതാവിന് കൈമാറിയിട്ടുള്ളതുമാണ്.

ഫയലും, അനുബന്ധരേഖകളും വിശദമായി പരിശോധിച്ചു. ദീർഘകാലം അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതിന് തൃപ്തികരമായ വിശദീകരണം നൽകുന്നതിൽ താങ്കൾ പരാജയപ്പെട്ടു. 22.09.2021 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും, താങ്കളുടെ മേൽപ്രവൃത്തി കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയും അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുള്ളതാണ്. ഗുരുതരമായ കൃത്യവിലോപവും,അവധി ചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്ത്നിന്നും ഉണ്ടായിരിക്കുന്നത്. പ്രസ്തുത കുറ്റത്തിന്കഠിനമായ ശിക്ഷയ്ക്ക് താങ്കൾ അർഹനാണ്. ആകയാൽ

ഓഫീസർ

തൃശ്ശൂർ യൂണിറ്റിലെ അസിസ്റ്റന്റ് ശ്രീ.റെജി ജോൺ എന്ന താങ്കളെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും,നിയന്ത്രണവും,അപ്പീലും)ചട്ടങ്ങളിലെ ചട്ടം 11(vii) പ്രകാരം കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്നതായി കാണിച്ച് സൂചന (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് താങ്കൾക്ക് നൽകിയിട്ടുള്ളതും ആയത് കൈപ്പറ്റിയിട്ടുള്ളതും താങ്കൾ വിശദീകരണം സമർപ്പിച്ചിട്ടുള്ളതുമാണ്. കാരണം കാണിക്കൽ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള ശിക്ഷയിൽ ഇളവ് നൽകുവാൻ പര്യാപ്തമായ കാരണം കാണുന്നില്ല.

മേൽപറഞ്ഞ സാഹചര്യത്തിൽ അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടുനിന്ന തൃശ്ശൂർ യൂണിറ്റിലെ അസിസ്റ്റന്റ് റെജി ജോൺ എന്ന താങ്കളെ 1960 - ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്ത് കൊണ്ട് (Removal from service) ഇതിനാൽ ഉത്തരവാകുന്നു.

എ ഷാജി
( ഗവ:അഡീഷണൽ സെക്രട്ടറി )
എക്സിക്യൂട്ടീവ് ഡയറക്ടർ(വിജിലൻസ്)

22/12
22/12
24/12

സ്വീകർത്താവ്
ശ്രീ. റെജി ജോൺ പി , അസിസ്റ്റന്റ്, തൃശ്ശൂർ
(യൂണിറ്റ് അധികാരി തൃശ്ശൂർ മുഖാന്തരം)

പകർപ്പ് : യൂണിറ്റ് അധികാരി തൃശ്ശൂർ - ടി ഉത്തരവ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതി വച്ച് ഒപ്പിട്ട് തിരിച്ചയക്കേണ്ടതും ടിയാന്റെ സർവ്വീസ് ബുക്കിലും പണിഷ്മെന്റ് രജിസ്റ്ററിലും ശിക്ഷാ വിവരം രേഖപ്പെടുത്തേണ്ടതും, ജിസ്പാർക്കിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

പി.എസ് ടു സി.എം.ഡി, സ്റ്റെനോ ടു ഇ.ഡി.വി, സ്റ്റെനോ ടു ഇ.ഡി.എ, ഓഡിറ്റ് ഓഫീസർ, ജനറൽ സെക്ഷൻ,പെയ്മെന്റ് സെൽ, പി.എഫ് സെക്ഷൻ, ഇ.ഡി.പി.സി, ഗ്രേഡേഷൻ സെക്ഷൻ, പെൻഷൻ സെക്ഷൻ, എ &വി സെക്ഷൻ,പി.ആർ.സി സെക്ഷൻ, എല്ലാ യൂണിറ്റ് ആഫീസർമാർക്കും, സ്റ്റോക്ക് ഫയൽ& ഫയൽ

sc